2024
MAY
20
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97821

## സിംഗപ്പൂരിൽ കോവിഡ് കൂടുന്നു



**സിംഗപ്പൂർ:** രാജ്യത്ത് കോവിഡ് കേസുകളിലുണ്ടായ വർധനവിന്റെ പശ്ചാത്തലത്തിൽ മുൻകരുതൽ നടപടികളുമായി സർക്കാർ. മുൻ ആഴ്ചത്തെ അപേക്ഷിച്ച് കേസുകളുടെ എണ്ണം ഇരട്ടിയായി. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവരും മാസ്ക് ധരിക്കണമെന്ന് സിംഗപ്പൂർ ആരോഗ്യമന്ത്രി ഓങ് യി കുങ് ആവശ്യപ്പെട്ടു. പുതിയ കോവിഡ് വകഭേദത്തിന്റെ വ്യാപനം ശ്രദ്ധയോടെ നിരീക്ഷിക്കുകയാണെന്നു സർക്കാർ അറിയിച്ചു.

മുൻ ആഴ്ച രാജ്യത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടത് 13,700 കോവിഡ് കേസുകളാണെങ്കിൽ, മേയ് 5 മുതൽ 11 വരെയുള്ള ഒരാഴ്ച രേഖപ്പെടുത്തിത് അതിന്റെ ഇരട്ടിയോളമാണ് 25,900 കേസുകൾ. ഈ കാലയളവിൽ പ്രതിദിന കോവിഡ് ബാധിതരുടെ എണ്ണം 181ൽനിന്ന് 250 ആയി ഉയർന്നു. കോവിഡ് കേസുകൾ സുഗമമായി കൈകാര്യം ചെയ്യുന്നതിന്, അടിയന്തര സ്വഭാവമില്ലാത്ത ശസ്ത്രക്രിയകൾ നീട്ടിവയ്ക്കാൻ ആശുപത്രികൾക്കു നിർദേശം നൽകി. പരമാവധി രോഗികളെ കെയർ സെന്ററുകളിലേക്കു മാറ്റും.

പടിപടിയായി ഉയരുന്ന കോവിഡ് കേസുകൾ പുതിയ തരംഗത്തിന്റെ ലക്ഷണമാണെന്ന് സർക്കാർ വിലയിരുത്തുന്നു. അടുത്ത രണ്ട്,നാല് ആഴ്ചയ്ക്കുള്ളിൽ കേസുകളുടെ എണ്ണം മൂർധന്യത്തിൽ എത്തുമെന്നാണ് വിലയിരുത്തൽ. കഴിഞ്ഞ 12 മാസത്തിനിടെ കോവിഡ് വാക്സീൻ സ്വീകരിച്ചിട്ടില്ലാത്ത രോഗികളും പ്രായമായവരും ഒരു ഡോസ് കൂടി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് ആരോഗ്യമന്ത്രി വ്യക്തമാക്കി.

## ഹോട്ടലിൽ ബിയറും ബാറിൽ കള്ളും വിൽക്കാൻ തീരുമാനം




**തിരുവനന്തപുരം:** റസ്റ്ററൻറുകളിൽ ബിയറും വൈനും, ബാറുകളിലൂടെ കള്ളും ഉൾപ്പടെ വിൽപ്പന നടത്താവുന്ന രീതിയിൽ മദ്യനയം പരിഷ്കരിക്കാൻ സർക്കാർ ആലോചന. പ്രത്യേക ഫീസ് നൽകി ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള ടൂറിസം സീസൺ കണക്കാക്കിയായിരിക്കും ലൈസൻസ് അനുവദിക്കുക. വിവിധ വകുപ്പുകളുമായി ചേർന്ന് ഇതുമായി ബന്ധപ്പെട്ട ആലോചനകൾ സർക്കാർ ആരംഭിച്ചു.

ലോക്സഭാ തെരഞ്ഞെടുപ്പ് ഫലം വന്നശേഷം ഇടത് മുന്നണി യോഗത്തിലും വിഷയം ചർച്ചയാകും. ടൂറിസം വകുപ്പ് നൽകുന്ന ടൂസ്റ്റാർ ക്ലാസിഫിക്കേഷനു മുകളിലുള്ള റസ്റ്ററൻറുകളിൽ ബീയറും വൈനും വിളമ്പാം. കേന്ദ്ര ടൂറിസം മന്ത്രാലയത്തിൻറെ ത്രീ സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ബാറുകളിലും വിനോദസഞ്ചാര മേഖലയിലെ റിസോർട്ടുകളിലുമാകും കള്ള് ചെത്തി വിൽക്കാനുള്ള ലൈസൻസ്. സ്വന്തം വളപ്പിലെ കള്ള് ചെത്തി അതിഥികൾക്കു നൽകാം. ത്രീ സ്റ്റാറിനു മുകളിലുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്ന നയം തന്നെയാണ് ഇക്കാര്യത്തിലും. കഴിഞ്ഞ മദ്യനയത്തിലായിരുന്നു രണ്ട് പ്രഖ്യാപനങ്ങളും.

കേരളത്തിൽ എല്ലാ മാസവും ഒന്നാം തീയതി ഡ്രൈ ഡേ ആയി ആചരിക്കുന്നത് ഒഴിവാക്കാനും സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ട്. ഒന്നാം തീയതികളിലെ ഡ്രൈ ഡേ ഒഴിവാക്കുന്നത് സംബന്ധിച്ച് മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി ചേർന്ന വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ചർച്ച നടന്നിരുന്നു.

വർഷത്തിൽ 12 പ്രവൃത്തി ദിവസങ്ങൾ നഷ്ടമാകുന്നതിലൂടെ വരുമാനത്തിൽ നഷ്ടമുണ്ടാകുന്നുവെന്നത് മാത്രമല്ല ഇത്തരമൊരു ആലോചനയിലേക്ക് കടക്കാനുള്ള പ്രേരണയായത്. ടൂറിസം മേഖലയിലും വലിയ തിരിച്ചടിയുണ്ടാകുന്നുവെന്നതാണ് ഡ്രൈ ഡേ ഒഴിവാക്കാൻ ആലോചിക്കുന്നതിന് പിന്നിൽ.

കയറ്റുമതിക്കായി മദ്യം ലേബൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ദേശീയ, അന്തർദേശീയ നിയന്ത്രണങ്ങളെ അടിസ്ഥാനമാക്കി പുനപരിശോധിക്കാനും നിർദേശമുണ്ട്. ലോക്സഭ തെരഞ്ഞെടുപ്പ് ഫലം വന്ന ശേഷം ചർച്ചകളുമായി മുന്നോട്ട് പോകാനാണ് എക്സൈസ് വകുപ്പിന് ലഭിച്ചിരിക്കുന്ന നിർദേശം.

## ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റെയ്സി സഞ്ചരിച്ച ഹെലികോപ്റ്റർ അപകടത്തിൽപ്പെട്ടു

## ഇതുവരെകണ്ടെത്താനായിട്ടില്ല



**ടെഹ്റാൻ:** ഹെലികോപ്റ്റർ അപകടത്തിൽപ്പെട്ട ഇറാൻ പ്രസിഡൻറ് ഇബ്രാഹിം റെയ്സിയെ ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്ന് റിപ്പോർട്ട്. തകർന്ന ഹെലികോപ്റ്ററിന് അരികിൽ എത്താനായിട്ടില്ലെന്ന് രക്ഷാപ്രവർത്തകർ അറിയിച്ചു.

രക്ഷാദൗത്യത്തിന് റഷ്യയുടെയും തുർക്കിയുടെയും സഹായം ലഭിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിനായി പ്രത്യേക പരിശീലനം ലഭിച്ച സംഘത്തെ അയച്ചതായി റഷ്യ വ്യക്തമാക്കി. 12 മണിക്കൂറായി നാൽപതിലേറെ സംഘങ്ങൾ തെരച്ചിൽ തുടരുകയാണ്.

വടക്കുപടിഞ്ഞാറൻ ഇറേനിയൻ പ്രവിശ്യയായ ഈസ്റ്റ് അസർബൈജാനിലെ ജോൽഫ നഗരത്തിൽ ഞായറാഴ്ച റെയ്സിയുടെ ഹെലികോപ്റ്റർ ഇടിച്ചിറങ്ങിയെന്നാണ് ഇറേനിയൻ മാധ്യമങ്ങൾ അറിയിച്ചത്.

വിദേശകാര്യമന്ത്രി ഹുസൈൻ അമീർ അബ്ദുള്ളാഹിയാൻ, ഈസ്റ്റ് അസർബൈജാൻ ഗവർണർ മാലിക് റഹ്മാതി തുടങ്ങിയവരും ഈ കോപ്റ്ററിൽ ഉണ്ടായിരുന്നു. അയൽ രാജ്യമായ അസർബൈജാനിലെ പ്രസിഡൻറ് ഇൽഹാം അലിയേവിനൊപ്പം അണക്കെട്ട് ഉദ്ഘാടനം ചെയ്തു മടങ്ങുകയായിരുന്നു റെയ്സി. അദ്ദേഹവും അനുചരരും മൂന്നു ഹെലികോപ്റ്ററുകളിലാണ് സഞ്ചരിച്ചത്.

മേഖലയിൽ കനത്ത മഴയും മൂടൽമഞ്ഞും അനുഭവപ്പെട്ടിരുന്നു. ഇതായിരിക്കാം കോപ്റ്റർ പെട്ടന്ന് ഇടിച്ചിറക്കാൻ കാരണം. റെയ്സി ഉണ്ടായിരുന്ന കോപ്റ്ററാണ് ഇടിച്ചിറങ്ങിയതെന്ന് ഇറേനിയൻ ആഭ്യന്തരമന്ത്രി അഹമ്മദ് വാഹിദി സ്ഥിരീകരിച്ചു.



# സെർട്ടസ് കാപിറ്റൽ ഭവന പദ്ധതിയിൽ 125 കോടി രൂപ നിക്ഷേപിച്ചു

**കൊച്ചി:** റിയൽ എസ്റ്റേറ്റ് രംഗത്തെ നിക്ഷേപ സ്ഥാപനമായ സെർട്ടസ് കാപിറ്റൽ അവരുടെ സുരക്ഷിത കടപ്പത്ര പ്ലാറ്റ്ഫോമായ ഏണസ്റ്റ് ഡോട്ട് മി ക്കായി ചെന്നൈയിലെ പുതിയ ഭവന പദ്ധതിയിൽ 125 കോടി രൂപ നിക്ഷേപിച്ചു. കെകെആറിന്റെ മുൻ ഡയറക്ടർ ആഷിഷ് ഖണ്ഡേലിയയാണ് സെർട്ടസ് കാപിറ്റലിന്റെ സ്ഥാപകൻ.

ദക്ഷിണേന്ത്യയിലെ പ്രമുഖ റിയൽ എസ്റ്റേറ്റ് സംരംഭകരായ കാസാഗ്രാന്റാണ് ചെന്നൈയിലെ പ്രധാന കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന പദ്ധതിയുടെ നടത്തിപ്പുകാർ. 19 വർഷം മുമ്പ് അരുൺ എംഎൻ സ്ഥാപിച്ച കാസാഗ്രാന്റ് ചെന്നൈ, ബെംഗളൂരു, കോയമ്പത്തൂർ എന്നീ നഗരങ്ങളിലായി 100 ൽപരം പദ്ധതികളിലൂടെ 19 മില്യൺ ചതുരശ്ര അടിയിൽ കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ട്. 2023 സാമ്പത്തിക വർഷം 5.8 മില്യൺ ചതുരശ്ര അടി നിർമ്മിത സ്ഥലം വിൽപന നടത്തിയ കാസാഗ്രാന്റ് ഇന്ത്യയിലെ ലിസ്റ്റു ചെയ്യപ്പെട്ട റിയൽ എസ്റ്റേറ്റ് കമ്പനികളിൽ അഞ്ചാം സ്ഥാനത്താണ്. സുരക്ഷിത കടപ്പത്രങ്ങളിലൂടെ നടത്തുന്ന നിക്ഷേപത്തിന് 15 ശതമാനം ലാഭമാണ് സെർട്ടസ് വാഗ്ദാനം ചെയ്യുന്നത്.

ഏണസ്റ്റ് ഡോട്ട് മി യിലൂടെ 2025 സാമ്പത്തിക വർഷത്തോടെ 1000 കോടി രൂപ നിക്ഷേപിക്കാനാണ് സെർട്ടസ് കാപിറ്റൽ ലക്ഷ്യമിടുന്നത്. ഈയിടെ പൂനെയിലെ ഒരു പ്രധാന വ്യാപാര സമുച്ചയ നിർമ്മാണ പദ്ധതിയിൽ കമ്പനി 130 കോടി രൂപ നിക്ഷേപിക്കുകയുണ്ടായി.

റിയൽ എസ്റ്റേറ്റ് വ്യവസായത്തിൽ സമാന്തര മൂലധന സംവിധാനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാസാഗ്രാന്റിൽ നിക്ഷേപം നടത്തുന്നതെന്നും ഇതു വഴി പ്രാഗത്ഭ്യം തെളിയിച്ച റിയൽ എസ്റ്റേറ്റ് കമ്പനികളിൽ പണം മുടക്കാൻ നിക്ഷേപകർക്ക് അവസരം ലഭിക്കുമന്നും സെർട്ടസ് സ്ഥാപകൻ ആഷിഷ് ഖണ്ഡേലിയ പറഞ്ഞു.

2018ൽ കമ്പനി സ്ഥാപിക്കപ്പെട്ടതിനു ശേഷം എൻബി എഫ്സികൾക്കും ഹൗസിംഗ് ഫൈനാൻസ് കമ്പനികൾക്കുമായി സെർട്ടസ് കാപിറ്റൽ 40,000 കോടിയിൽ പരം രൂപയുടെ വായ്പകൾ കൈകാര്യം ചെയ്തിട്ടുണ്ട്. വിദേശ സ്ഥാപന നിക്ഷേപകർക്കായി 10,000 കോടിയോളം രൂപയുടെ നിക്ഷേപ, റിയൽ എസ്റ്റേറ്റ് , വെയർ ഹൗസിംഗ് മേഖലകളിൽ കമ്പനി നിക്ഷേപ മാർഗ്ഗ നിർദ്ദേശം നൽകി. കമ്പനിയുടെ സുരക്ഷിത്ര കട നിക്ഷേപ സംവിധാനമായ ഏണസ്റ്റ് ഡോട്ട് മി രൂപീകരിക്കപ്പെട്ടത് 2022 ഫെബ്രുവരിയിലാണ്.



# ഹോട്ടൽടെക് പ്രദർശനം സമാപിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിച്ച പ്രമുഖ വാർഷിക പ്രദർശനമായ ഹോട്ടൽടെക് കേരളയുടെ 14ാമത് പതിപ്പ് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ സമാപിച്ചു.

ഹൊറേക്ക എന്ന ചുരുക്കപ്പേരില റിയപ്പെടുന്ന ഹോട്ടൽസ്/റിസോർട്ട്സ്, റെസ്റ്റോറന്റ്സ്, കേറ്ററിംഗ് മേഖലകൾക്കാവശ്യമായ ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, ടേബ്ൾവെയർ വാണിജ്യ അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയുമായി 60ലേറെ പ്രദർശകർ പങ്കെടുത്തു. കേരളാ ടൂറിസം, ഡിടിപിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ് കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ഓൾ കേരളാ കേറ്ററേഴ്സ് അസോസിയേഷൻ (എകെസിഎ) എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും പിന്തുണയോടെയാണ് പ്രദർശനം നടന്നത്.

പ്രദർശനത്തിന്റെ ഭാഗമായി നടന്ന കലിനറി ചലഞ്ച് മത്സരങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച കലിനറി സ്ഥാപനമായി കൊച്ചി ക്രൗൺ പ്ലാസയും ഹൗസ്കീപ്പിംഗ് സ്ഥാപനമായി അബാദ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസും തെരഞ്ഞെടുക്കപ്പെട്ടു. വ്യക്തിഗത വിജയികൾ: ഡിസ്സേർട് കേക്ക് ഭവ്യ സന്തോഷ്, ഗ്രാൻഡ് ഹയാത്ത്, ബ്രെഡ് ആൻഡ് പേസ്ട്രി ഡിസ്പ്ലേ രാദ്ര മാധവ് സാഹു, ഗ്രാൻഡ് ഹയാത്ത്, ഡോൺ സെബാസ്റ്റിയൻ, ക്രൗൺ പ്ലാസ; നോവൽറ്റി കേക്ക് അർജിത് ബിശ്വാസ്, ഗ്രാൻഡ് ഹയാത്ത്, ഹോട്ട് കുക്കിംഗ് ചിക്കൻ കൗഷികി, ക്രൗൺ പ്ലാസ; നോവെൽറ്റി കേക്ക് അറിജിത്ത് ബിശ്വാസ് ഗ്രാൻഡ് ഹയാത്ത്; ഹോട്ട് കൂക്കിങ് ചിക്കൻ കൌഷികി ക്രൌൺ പ്ലാസ; വേസ്റ്റ് മറ്റീരിയൽസ് ഫ്ളവർ ഡിസ്പ്ലേ അരുൺ റാം, ക്രൌൺ പ്ലാസ; മോപ് റേസ് അനിൽ എ ഫോർട്ടേ കൊച്ചി; വാക്വം റേസ് സാജൻ അബാദ് പ്ലാസ, ടവ്വൽ ആർട്ട് തനോജം ബിദ്യാ ദേവി, തങ്ജം എച്ചൻ ചാമു. ബാക്കാട്ടർ റിപ്പിൾസതായ്, പ്രാദേശിക തീരദേശ ക്യൂസിൻ, ഡിസ്സേർടുകൾ, ഇറ്റാലിയൻ വിഭവങ്ങൾ, സസ്യാധിഷ്ഠിത വിഭവങ്ങൾ, പാസ്ത, ചോക്കലേറ്റുകൾ തുടങ്ങിയവ അവതരിപ്പിച്ച നെസ്ലെ പ്രൊഫഷനലിന്റെ സ്റ്റാളായിരുന്നു മേളയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്. കേരളീയ സ്ഥാപനമായ സ്കൈഫോം മാട്രസസിന്റെ പുതിയ ഉൽപ്പന്നങ്ങളും മേളയുടെ ഭാഗമായി. കാലവർഷം ശക്തമാകുമ്പോൾ അതിഥികൾ നനഞ്ഞ കുടയുമായെത്തുമ്പോൾ നനവോടെ തന്നെ കുടകൾ പോളിത്തീൻ കവറിൽ പൊതിഞ്ഞു നൽകുന്ന മെഷീനും ഏറെ കൗതുകമുണർത്തി.

കൊച്ചിയിലെ എസ് ആൻഡ് ഡി ഗ്ലോബ്മേറ്റാണ് ലോബി എന്ന ബ്രാൻഡിലെത്തുന്ന ഈ ഉൽപ്പന്നത്തിന്റെ കേരളത്തിലെ വിതരണക്കാർ. ഡെൽഹിയിൽ നിന്നുള്ള വീനസിന്റെ ടേബ്ൾവെയർ, കട്ലറി, ബാങ്കെറ്റ് ഫർണിച്ചർ തുടങ്ങിയ ഉൽപ്പന്നങ്ങൾക്കും അന്വേഷണങ്ങൾ ഏറെയുണ്ടായി.

ഹോട്ടലുകൾക്കായി പ്രത്യേക പശ ഇല്ലാതെ തന്നെ വളരെ എളുപ്പം ഒട്ടിക്കാവുന്ന എസ്പിസി ഫ്ളോറിംഗ് ടൈലുകൾ വിപണിയിലെത്തിച്ചിരിക്കുന്ന അർഗിൽ ഗ്രൂപ്പിന്റെ സ്റ്റാളും ശ്രദ്ധേയമായി.



# എംസി ജോസഫിന്റെ കഥാസമാഹാരം പ്രകാശനം ചെയ്തു

**കൊച്ചി:** ചലച്ചിത്ര, പരസ്യചിത്ര സംവിധായകനും നിർമാതാവും തിരക്കഥാകൃത്തുമായ എംസി ജോസഫിന്റെ എട്ടു കഥകളുടെ സമാഹാരമായ ലാവ കൊച്ചിയിൽ സംവിധായകനും നടനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ അന്ന ബെന്നിനു നൽകി പ്രകാശനം ചെയ്തു. ഗ്രീൻ ബുക്സാണ് പ്രസാധകർ. കൊച്ചിയിൽ പേരയ്ക്ക മീഡിയ എന്ന പരസ്യസ്ഥാപനത്തിന്റെ ഉടമയായ എംസി ജോസഫ് സംവിധാനം ചെയ്ത വികൃതി ഏറെ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. സുരാജ് വെഞ്ഞാറമ്മൂടിന് 2020ലെ മികച്ച നടനുള്ള സംസ്ഥാന അവാർഡും വികൃതി നേടിക്കൊടുത്തു.

ഇക്കാലത്തെ തൊഴിലുകളും തൊഴിലിടങ്ങളും യാത്രകളും ഡിജിറ്റൽ ജീവിതവും അടയാളപ്പെടുത്തുന്നതിലൂടെ പുതിയതും പഴയതുമായ തലമുറയിലെ വായനക്കാരെ ഒരുപോലെ ആകർഷിക്കാൻ പോന്ന കഥകളാണ് ലാവയിലുള്ളത്. സായിപ്പ് ടോണിയുടെ തോക്ക്, പരാതി നമ്പർ 1166/2023 പൂപ്പരുത്തി, പരേതയുടെ മെസ്സേജ്, ലാവ, കാട്ടിലെ കരിമ്പത്മനാഭൻ, കള്ളൻ ഡീസന്റാണ്, റാഹേലും ലോറൻസും, റോസീറ്റാ എന്നിവയാണ് കഥകൾ. തിരക്കഥാകൃത്തിന്റേയും ചലച്ചിത്രസംവിധായകന്റേയും കൈകളിലൂടെ വരുമ്പോൾ കഥ എങ്ങനെ സിനിമാറ്റിക്കാവുന്നു എന്നതിന്റെ മികച്ച ഉദാഹരണങ്ങളാണ് ലാവയിലെ കഥകൾ. ഗ്രീൻ ബുക്സിന്റെ ശാഖകളിലും മറ്റു പ്രധാന ബുക് സ്റ്റോറുകളിലും ആമസോൺ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഇകോമേഴ്സ് സൈറ്റുകളിലും ലാവ ലഭ്യമാണ്.

# റിഫ്ളെക്ഷൻസ് ഓഫ് കേരള ലൈറ്റ് ഇൻസ്റ്റാളേഷനുമായി ഏഷ്യൻ പെയിന്റ്സ് അൾട്ടിമ പ്രൊട്ടക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര പെയിന്റ് ആൻഡ് ഡെകോർ കമ്പനിയായ ഏഷ്യൻ പെയിന്റ്സ് 'റിഫ്ളെക്ഷൻസ് ഓഫ് കേരള' എന്ന ലൈറ്റ് ഇൻസ്റ്റാളേഷൻ ഒരുക്കി. കേരളത്തിന്റെ ഊർജ്ജസ്വലമായ സംസ്കാരത്തെ ആദരിക്കുന്ന ഈ മനോഹരമായ കലാരൂപം സെന്റ്+ആർട്ട് ഇന്ത്യ കുടുംബത്തിൽ നിന്നുള്ള തഘല കളക്ടീവുമായി സഹകരിച്ച് 12 അടി ഉയരത്തിൽ കൊച്ചി ലുലു മാളിലാണ് ഒരുക്കിയിട്ടുള്ളത്. മെയ് 14 മുതൽ മെയ് 28 വരെ ലുലു മാളിൽ 'റിഫ്ലക്ഷൻസ് ഓഫ് കേരള' ഇൻസ്റ്റലേഷൻ പ്രദർശിപ്പിക്കും.



സങ്കീർണ്ണമായ കട്ട്ഔട്ട് പാനലുകളെ ഗംഭീരമായ ലൈറ്റിംഗ് വഴി സംയോജിപ്പിക്കുന്ന ഈ ഇൻസ്റ്റാളേഷനിലെ ഓരോ കട്ടൗട്ടും കേരളത്തിന്റെ പൈതൃകത്തിന്റെ വിവിധ സാംസ്കാരിക ഘടകങ്ങളെ പ്രതിനിധീകരിക്കുന്നു. കട്ട് ഔട്ടുകളുടെ പിന്നിൽ തന്ത്രപരമായി സ്ഥാപിച്ചിരിക്കുന്ന ലൈറ്റിംഗ് അതിന്റെ ചുറ്റുമുള്ള പ്രതലങ്ങളിൽ അവയുടെ ഡിസൈൻ പ്രശോഭിപ്പിക്കുകയും ആകർഷകമായ നിഴലുകൾ പരത്തുകയും അതോടോപ്പം കേരളത്തിന്റെ കഥയും ഭാവനയും വിവരിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ ശ്രേഷ്ഠമായ കലാരൂപങ്ങളായ കഥകളി, മോഹിനിയാട്ടം, തെയ്യം, കളരിപ്പയറ്റ് എന്നിവയും പ്രതീകാത്മകമായ ചിഹ്നങ്ങളായ പ്രശാന്തമായ കായലുകളും വന്യജീവിതവും കൂടാതെ കേരളത്തിലെ ക്ഷേത്രങ്ങളിലും പള്ളികളിലും നാട്ടിൻപുറങ്ങളിലും കാണുന്ന സങ്കീർണ്ണമായ മരപ്പണികളും, മട്ടച്ചുവരുകളും ഇത് പ്രദർശിപ്പിക്കുന്നു. അൾട്ടിമ പ്രോട്ടക്കിന്റെ പ്രത്യേക പതിപ്പ് പാക്കിന്റെ ഉദ്ദേശ്യത്തെ പ്രതിധ്വനിപ്പിക്കുന്ന, സംരക്ഷണത്തിന്റേയും സാംസ്കാരിക സമൃദ്ധിയുടെയും പ്രമേയത്തെ വെളിച്ചത്തിന്റേയും നിഴലിന്റേയും കളികളിൽ കൂടി ഹൈലൈറ്റ് ചെയ്യുന്നു.

# ത്രിദിന ഡിടെക് ലോക പ്രമേഹ സാങ്കേതിക വിദ്യാ സമ്മേളനത്തിന് കൊച്ചിയിൽ തുടക്കം



**കൊച്ചി:** ഗർഭിണികളിൽ കണ്ടുവരുന്ന പ്രമേഹത്തിന് നൂതനസാങ്കേതികവിദ്യകൾ പരിഹാരമാകുമെന്നാണ് പ്രതീക്ഷയെന്ന് ഡോ. ജ്യോതിദേവ് കേശവദേവ്. കൊച്ചിയിൽ ആരംഭിച്ച ത്രിദിന ഡിടെക് ലോക പ്രമേഹ സാങ്കേതിക വിദ്യാ സമ്മേളനത്തിന്റെ പ്രാരംഭ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ആധുനിക വൈദ്യശാസ്ത്ര രംഗത്തെ മുന്നേറ്റങ്ങൾ മൂലം ഗർഭകാലവും പ്രസവവും സുരക്ഷിതമായെങ്കിലും ഗർഭസമയത്തു പിടിപെടുന്ന ടൈപ്പ് വൺ പ്രമേഹം അമ്മയ്ക്കും കുഞ്ഞിനും ഹ്രസ്വദീർഘകാല സങ്കീർണതകളുണ്ടാകുന്നതിന് കാരണമാകുന്നുണ്ട്. ഈ രംഗത്തെ നൂതനസാങ്കേതികവിദ്യയായ കൺസെപ്റ്റിടിയുടെ ക്ലിനിക്കൽ പരീക്ഷണങ്ങൾ വലിയ പ്രതീക്ഷകളാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ടൈപ്പ്1 പ്രമേഹത്തിൽ കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്ററിന്റെ ഉപയോഗത്തിലൂടെ ഒമ്പതാം മാസത്തിലെ പ്രമേഹ വർധന, പ്രസവശേഷം പഞ്ചസാരയുടെ അളവ് അമിതമായി താഴുന്നത് തുടങ്ങിയവ നിയന്ത്രണവിധേയമാക്കാമെന്നാണ് പ്രാഥമികഘട്ട പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

മൂന്നു ദിവസമായി ക്രൗൺ പ്ലാസയിൽ നടക്കുന്ന സമ്മേളനം ഇൻഫോപാർക്ക് സിഇഒ, ശ്രീ.സുശാന്ത് കുറുന്തിൽ സമ്മേളനം ഉത്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 600ഓളം ഡോക്ടർമാരും പ്രമേഹരോഗ വിദഗ്ധരും പങ്കെടുക്കുന്ന സമ്മേളനത്തെ മൂന്നു ദിവസങ്ങളിലായി ഡോ.റോബർട്ട് വിഗേർസ്കി (യുഎസ്എ), ഡോ. വിരൽ ശാഹ് (യുഎസ്എ), ഡോ.പ്രതീക് ചൗധരി (യുകെ), ഡോ.ജൂലിയ മാഡർ (ഓസ്ട്രിയ), ഡോ.വാരെൻ ലീ (സിംഗപ്പൂർ) തുടങ്ങിയ അന്തർദേശീയ പ്രഭാഷകർ അഭിസംബോധന ചെയ്യും. ഡോ. ജ്യോതിദേവ് കേശവദേവ്,ഡോ. ബൻഷി സാബു, ഡോ. മനോജ് ചൗള, ഡോ. മിഥുൻ ഭാർതിയ, ഡോ. അമിത് ഗുപ്ത, ഡോ. രാകേഷ് പരീഖ് എന്നവരുൾപ്പെടുന്നതാണ് ഡിടെക് സമ്മേളനത്തിന്റെ സംഘാടകസമിതി.

ആദ്യസെഷനിൽ ഡോ. ജ്യോതിദേവ് കേശവദേവും ഡോ. മിഥുൻ ഭാർതിയയും നേതൃത്വം നൽകിയ ഇൻസുലിൻ പമ്പ് ശിൽപ്പശാല നടന്നു. എച്ച്ബിഎ1സി, ഗ്ലൂക്കോസ് മീറ്ററുകൾ, ഓട്ടോമേറ്റഡ് ഇൻസുലിൻ ഡെലിവറി, ടിഐആർ തുടങ്ങിയവയുടെ പ്രാധാന്യവും ഈ രംഗത്തെ നൂതന പ്രവണതകളേയും തുടർന്നുള്ള സെഷനിൽ മെഡ്ട്രോണിക് ഡയബറ്റീസ് എംഡി ഡോ. റോബർട്ട് വിഗേർസ്കി വിശദീകരിച്ചു. കണ്ടിന്യുവസ് ഗ്ലൂക്കോസ് മോണിറ്റർ (സിജിഎം) മേഖലയിലെ പുതിയ ഗവേഷണഫലങ്ങൾ ചർച്ച ചെയ്ത തുടർന്നുള്ള സെഷനിൽ ഡോ. ബൻഷി സാബു, ഡോ. ജ്യോതിദേവ് കേശവദേവ്, ഡോ. മനോജ് ചാവ്ല എന്നിവർ പങ്കെടുത്തു.

സിജിഎം ഇന്ത്യയിലെത്തിയിട്ട് വിജയകരമായ രണ്ടു ദശകം പിന്നിടുന്ന ഈ വേളയിൽ ഓട്ടോമേറ്റഡ് ഇൻസുലിൻ ഡെലിവറി ഉൾപ്പെടെയുള്ള നൂതന സേവനങ്ങളിലെ മുന്നേറ്റങ്ങൾ വിജയകരമായ പ്രമേഹ മാനേജ്മെന്റിൽ നിർണായകമാണെന്ന് സെഷൻ വിലയിരുത്തി.

# ബ്രിട്ടനിലെ സമ്പന്നരിൽ ഒന്നാമത് ഹിന്ദുജ കുടുംബം

**കൊച്ചി:** കോടിക്കണക്കിന് ഡോളർ വിറ്റുവരവുള്ള 110 വർഷത്തെ പാരമ്പര്യമുള്ള ബഹുരാഷ്ട്ര കമ്പനിയായ ഹിന്ദുജ ഗ്രൂപ്പിൻറെ ചെയർമാനായ ഗോപിചന്ദ് ഹിന്ദുജയുടെ നേതൃത്വത്തിലുള്ള ഹിന്ദുജ കുടുംബം 37.196 ബില്യൺ പൗണ്ടുമായി 2024ലെ സൺഡേ ടൈംസ് സമ്പന്നരുടെ പട്ടികയിൽ ഒന്നാമതെത്തി. യുകെയിൽ താമസിക്കുന്ന ഏറ്റവും സമ്പന്നരായ 1000 വ്യക്തികളും കുടുംബങ്ങളും ആണ് സൺഡേ ടൈംസിൻറെ ഈ പട്ടികയിൽ ഉള്ളത്. ആഗോള ബിസിനസ്സിൽ ഹിന്ദുജ ഗ്രൂപ്പ് കൈവരിച്ച മികച്ച നേട്ടങ്ങൾക്കും വിജയത്തിനുമുള്ള സാക്ഷ്യപത്രമാണ് ഈ റാങ്കിംഗ്.

യുകെ ആസ്ഥാനമായുള്ള കുടുംബത്തിൻറെ ജി. പി. ഹിന്ദുജ ചെയർമാനായുള്ള ഗ്രൂപ്പ് കമ്പനികൾ 38 രാജ്യങ്ങളിലായി മൊബിലിറ്റി, ഡിജിറ്റൽ ടെക്നോളജി, ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസസ്, മീഡിയ, പ്രോജക്ട് ഡെവലപ്മെൻറ്, ലൂബ്രിക്കൻറ്സ് ആൻഡ് സ്പെഷ്യാലിറ്റി കെമിക്കൽസ്, എനർജി, റിയൽ എസ്റ്റേറ്റ്, ട്രേഡിംഗ്, ഹെൽത്ത്കെയർ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നത്.

വിവിധ മേഖലകളിലെ മികച്ച ബിസിനസ് നേട്ടങ്ങൾക്കൊപ്പം ഹിന്ദുജ ഫൗണ്ടേഷനിലൂടെ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിലും ഹിന്ദുജ ഗ്രൂപ്പ് വ്യാപൃതരാണ്.

രണ്ട് വർഷം മുമ്പ് സൺഡേ ടൈംസ് സമ്പന്നരുടെ പട്ടികയിൽ ഇടം പിടിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനകും, ഭാര്യ അക്ഷത മൂർത്തിയും പട്ടികയിൽ 245ാം സ്ഥാനത്തേക്ക് ഉയർന്നു.

# കളമശ്ശേരി ഗവ. വനിത ഐ.ടി.ഐയിൽ അഡ്മിഷൻ ആരംഭിച്ചു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി.ഐ യിൽ ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ, പ്ലസ് ടു മുതൽ യോഗ്യതകൾ ഉള്ള ആൺക്കുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ എയർ കാർഗോ, ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 7306094012.

# പുതിയ എക്സ്പേർട്ട്സ് ആപ്പ് അവതരിപ്പിച്ച് പോളിക്യാബ്

**തൃശൂർ:** ഇന്ത്യയിലെ അതിവേഗം വളരുന്ന എഫ്എംഇജി കമ്പനിയും, വയറുകളുടെയും കേബിളുകളുടെയും നിർമ്മാതാക്കളുമായ പോളിക്യാബ് പുതിയ പോളിക്യാബ് എക്സ്പേർട്ട്സ് ആപ്പ് അവതരിപ്പിച്ചു. പോളികാബിൻറെ ഡിജിറ്റൽ പരിവർത്തന പരിപാടിയുടെ ഭാഗമായി രാജ്യത്തെ ഇലക്ട്രീഷ്യൻ സമൂഹത്തിനു വേണ്ടി മാത്രമായി രൂപകല്പന ചെയ്ത ഇത്തരത്തിലുള്ള ആദ്യ പ്ലാറ്റ്ഫോമാണിത്.

ഇന്ത്യയിലുടനീളമുള്ള ഇലക്ട്രീഷ്യൻമാരെ ശാക്തീകരിക്കാനും ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്താനും പോളിക്യാബ് എക്സ്പേർട്ട്സ് ലക്ഷ്യമിടുന്നു. ഉപഭോക്താവിന് സമഗ്രമായ ആനുകൂല്യങ്ങളും റിവാർഡുകളും നൽകിക്കൊണ്ട്, സമ്പാദിക്കുന്നതിനും റിഡംപ്ഷനുമുള്ള പോയിൻറുകൾ നൽകുന്ന ഒരൊറ്റ പ്ലാറ്റ്ഫോമായിരിക്കും ഈ ആപ്ലിക്കേഷൻ. നിലവിലുള്ള പോളിക്യാബ് എക്സ്പേർട്ട്സ് പ്രോഗ്രാമിൽ നിന്ന് ഒന്നര ലക്ഷം ഇലക്ട്രീഷ്യൻമാരും ഏകദേശം ഒരു ലക്ഷം ചില്ലറ വിതരണക്കാരും പുതിയ ആപ്ലിക്കേഷനിലേക്ക് മൈഗ്രേറ്റ് ചെയ്യപ്പെടും. പോളിക്യാബ് ഉത്പന്നങ്ങളിൽ അച്ചടിച്ച ലോയൽറ്റി കോഡുകൾ സ്കാൻ ചെയ്തുകൊണ്ട് ഇലക്ട്രീഷ്യൻമാരെയും റീട്ടെയിലർമാരെയും അനായാസമായി പോയിൻറുകൾ നേടാൻ അനുവദിക്കുന്ന നൂതന റിവാർഡ്സ് പദ്ധതിയാണ് പോളിക്യാബ് എക്സ്പേർട്ട്സ് ആപ്ലിക്കേഷൻ അവതരിപ്പിക്കുന്നത്. ഇങ്ങനെ സമാഹരിച്ച പോയിൻറുകൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തൽക്ഷണം റിഡീം ചെയ്യാനും സാധിക്കും.

ജീവിക്കാനും സുഖപ്രദമായി ജോലിചെയ്യാനും സുസജ്ജമായ ഇലക്ട്രിക്കൽസിൻറെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുകയാണ് ഇന്ത്യയിലെ ഇലക്ട്രീഷ്യൻ സമൂഹമെന്ന് പോളിക്യാബ് ഇന്ത്യ ചീഫ് ബിസിനസ് ഓഫീസർ (പവർ ബിയു) എക്സിക്യൂട്ടീവ് പ്രസിഡൻറ് ഇശ്വിന്ദർ സിംഗ് ഖുറാന പറഞ്ഞു. പോളിക്യാബിനോടുള്ള വിശ്വസ്തതയ്ക്ക് വ്യക്തമായതും ഉടനടിയുള്ള ഇൻസെൻറീവുകളാണ് നൽകുന്നത്. ആൻഡ്രോയിഡ്, ഐഒഎസ് പ്ലാറ്റ്ഫോമുകളിൽ പോളിക്യാബ് എക്സ്പേർട്ട്സ് ആപ്പ് ഇപ്പോൾ ലഭ്യമാണ്.





## ശുദ്ധമായ കുടിവെള്ളം

# അഗ്വ ഇന്ത്യയും ഓൾ കേരള പാക്കേജ്ഡ്രിങ്കിംഗ് വാട്ടർ ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനും കൈകോർക്കുന്നു

**കൊച്ചി:** സംസ്ഥാനത്ത് പാക്കേജ് കുടിവെള്ളത്തിൻറെ ലഭ്യതയും ഗുണനിലവാരവും വർധിപ്പിക്കാൻ ലക്ഷ്യമിട്ട് കേരള സ്റ്റാർട്ടപ്പ് മിഷൻറെ (കെഎസ് യുഎം) പിന്തുണയോടെ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പായ അഗ്വ ഇന്ത്യ, ഓൾ കേരള പാക്കേജ് ഡ്രിങ്കിംഗ് വാട്ടർ ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനുമായി (എകെപിഡിഡബ്ല്യൂഡിഎ) ധാരണാപത്രം ഒപ്പുവെച്ചു. ഇതിലൂടെ കേരളത്തിലാകമാനം ഉയർന്ന ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിന് സാധിക്കും.

വിശ്വസിക്കാവുന്നതും സുരക്ഷിതവുമായ കുടിവെള്ളത്തിനായുള്ള ആവശ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ എകെപിഡിഡബ്ല്യൂഡിഎ യുടെ വിപുലമായ വിതരണ ശൃംഖലയിലൂടെ പ്രശ്നം പരിഹരിക്കുന്നതിന് ഈ ധാരണ സഹായകമാകും

ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന പരിശ്രമത്തെ ഈ പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് അഗ്വ ഇന്ത്യയുടെ സഹസ്ഥാപകൻ മുഹമ്മദ് ഷാജർ പറഞ്ഞു. ഇതിലൂടെ ഞങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനും കൂടുതൽ ആളുകളിലേയ്ക്ക് എത്തിച്ചേരാനും സാധിക്കും. കൂടാതെ പൊതുജനാരോഗ്യത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും ഈ പങ്കാളിത്തത്തിലൂടെ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

കുടിവെള്ള വിതരണത്തിൽ ഗുണകരമായ മാറ്റം വരുത്താൻ ഈ ധാരണയിലൂടെ സാധിക്കുമെന്ന് അഗ്വ ഇന്ത്യ സഹസ്ഥാപകരായ മുസ്തഫ കെ. യു, ഷാഹിൻ അബ്ദുള്ള എന്നിവർ പറഞ്ഞു. നവീനതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനൊപ്പം ഇത് വിതരണ ശേഷിയെ ശക്തിപ്പെടുത്തുമെന്നും അവർ കൂട്ടിച്ചേർത്തു.

ഈ പങ്കാളിത്തത്തിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാണെന്ന് ഉറപ്പുവരുത്താൻ കഴിയുമെന്ന് എകെപിഡിഡബ്ല്യൂഡിഎ എറണാകുളം സെക്രട്ടറി കൊച്ചുമോൻ സി മാത്യുവും എകെപിഡിഡബ്ല്യൂഡിഎ എറണാകുളം പ്രസിഡൻറ് അഷ്റഫ് കെ. എ യും പറഞ്ഞു.

2020 ൽ പ്രവർത്തനമാരംഭിച്ച അഗ്വ ഇന്ത്യയുടെ വളർച്ചയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. സുപ്രധാനം നേട്ടം കൈവരിക്കുന്നതിന് ആവശ്യമായ സഹകരണങ്ങളും മാർഗനിർദേശവും നൽകി വരുന്നു. സംസ്ഥാനത്തെ സംരംഭകത്വ വികസനത്തിനും അവയുടെ പ്രവർത്തനങ്ങൾക്കുമായി 2006 ൽ സ്ഥാപിതമായ സംസ്ഥാന സർക്കാരിൻറെ നോഡൽ ഏജൻസിയാണ് സ്റ്റാർട്ടപ്പ് മിഷൻ.





# യൂത്ത് സമ്മിറ്റും ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പരിപാടിയും നടത്തി

**കൊച്ചി :** കൾച്ചറൽ അക്കാദമി ഫോർ പീസും ഇന്ത്യയിലെ സന്നദ്ധസംഘടനകളുടെ സ്വതന്ത്ര കൂട്ടായ്മയായ നാഷണൽ എൻ .ജി. ഓ കോൺഫെഡറേഷനും ചേർന്ന് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പദ്ധതിയുടെ ഭാഗമായി യൂത്ത് സമ്മിറ്റും അഞ്ചാം ഘട്ട ലാപ്ടോപ്പ് വിതരണവും കമ്മട്ടിപ്പാടത്തുള്ള ശാന്തിഭവൻ ഓഡിറ്റോറിയറ്റിൽ വെച്ച് നടത്തപ്പെട്ടു . കേരള സ്റ്റേറ്റ് അറ്റോർണിയും കേരള ബാർ കൗൺസിൽ വൈസ് ചെയർമാനുമായ അഡ്വക്കേറ്റ് ശ്രീ . എൻ .മനോജ് കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ യുഗത്തിൽ ഇത്തരം പദ്ധതികളിലൂടെ യുവജനങ്ങൾ സാമൂഹിക പരിസ്ഥിതി പ്രതിബദ്ധത ഉള്ളവരാക്കുക എന്ന് ഉദ്ഘാടകൻ വിദ്യാർത്ഥികളോടും യുവജനങ്ങളോടും ആഹ്വാനം ചെയ്തു കൾച്ചറൽ അക്കാദമി ഫൗണ്ടർ ചെയർപേഴ്സണും നാഷണൽ എൻ. ജി. ഓ കോൺഫെഡറേഷൻ എറണാകുളം ജില്ലാ പ്രസിഡന്റും സ്റ്റേറ്റ് ഡയറക്ടർ ബോർഡ് അംഗവുമായ ശ്രീമതി ബീന സെബാസ്റ്റ്യൻ പരിപാടിയിൽ അധ്യക്ഷത വഹിച്ചു . നദീസംരക്ഷണ യാത്ര പദ്ധതിയുടെ എറണാകുളം ജില്ലാ വർക്കിംഗ് ചെയർമാനായ അഡ്വക്കേറ്റ് ശ്രീ . കെ .എസ് പ്രകാശ് നദീസംരക്ഷണത്തെ കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിക്കുകയും നദീസംരക്ഷണത്തിനായി പ്രത്യേകം എഴുതി ചിട്ടപ്പെടുത്തിയ തീം സോങ് അവതരിപ്പിക്കുകയും ചെയ്തു. കൊച്ചിൻ കോർപറേഷൻ വെൽഫെയർ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി . ഷീബ ലാൽ , തോട്ടക്കാട്ടുകര സെൻറ് ആൻസ് പള്ളിവികാരി ഫാദർ തോമസ് പുളിക്കൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

അമ്പതു ശതമാനം സാമ്പത്തിക സഹായത്തോടെ 60 ലാപ്ടോപ്പുകൾ ആണ് വിദ്യാർത്ഥികൾക്കായി അഞ്ചാം ഘട്ടത്തിൽ വിതരണം ചെയ്തത് . ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പദ്ധതിയുടെ ഭാഗമായി ലാപ്ടോപ്പ് വിതരണം , വിദ്യാർത്ഥികൾക്കായുള്ള ട്രെയിനിങ് ക്ലാസുകൾ, ഇന്റേൺഷിപ്പ് പരിപാടികൾ തുടങ്ങിയവ നൽകുന്നത് വഴി തൊഴിൽ അവസരങ്ങൾ സാധ്യമാകുക ,യുവജനങ്ങളെ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# അഡ്രിയാൻ ലൂണയുമായുള്ള കരാർ നീട്ടി കേരളാ ബ്ലാസ്റ്റേഴ്സ്





**കൊച്ചി:** കേരളാ ബ്ലാസ്റ്റേഴ്സുമായുള്ള കരാർ പുതുക്കി ക്ലബ്ബിന്റെ ക്യാപ്റ്റനും ക്ലബിന് വേണ്ടി ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച വിദേശ താരവുമായ അഡ്രിയാൻ ലൂണ. ക്ലബ്ബുമായുള്ള കരാർ 2027 വരെയാണ് നീട്ടിയത്.

കഴിഞ്ഞ മൂന്നു സീസണുകളിൽ ക്ലബിനൊപ്പം ഉണ്ടായിരുന്ന അഡ്രിയാൻ ലൂണ മൈതാനത്തിനകത്തും പുറത്തും ക്ലബിന് വേണ്ടി അസാധാരണമായ പ്രകടനവും നേതൃത്വപാടവവും അർപ്പണബോധവും പ്രകടിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധേയമായ പ്രകടനങ്ങൾ ആരാധകരുടെ പ്രശംസ നേടിയെടുക്കുക മാത്രമല്ല, ഇന്ത്യൻ സൂപ്പർ ലീഗിലെ പ്രധാന കളിക്കാരനെന്ന പദവി നേടി കൊടുക്കുകയും ചെയ്തു.

ലൂണയുടെ കരാർ നീട്ടിയതിലൂടെ ശക്തവും സുസ്ഥിരവുമായ അടിത്തറ കെട്ടിപ്പടുക്കാനുള്ള ക്ലബ്ബിന്റെ ലക്ഷ്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയെ ലീഗിൽ മുന്നോട്ട് കൊണ്ടുപോകാൻ സഹായിക്കുന്നതിൽ അദ്ദേഹം നിർണായക പങ്ക് വഹിക്കുമെന്ന് ക്ലബ്ബിന് ആത്മവിശ്വാസമുണ്ട്. കേരള ബ്ലാസ്റ്റേഴ്സ് എഫ്സി അഡ്രിയാൻ ലൂണയ്ക്കൊപ്പം അവിസ്മരണീയമായ നിരവധി നിമിഷങ്ങൾക്കായി കാത്തിരിക്കുന്നു, അദ്ദേഹത്തിന്റെ സാന്നിധ്യം ക്ലബ്ബിന്റെ വിജയത്തിന് സഹായിക്കുമെന്ന് ആത്മവിശ്വാസമുണ്ടെന്ന് ക്ലബ്

# ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് ട്രെയിനിങ് പരിശീലനം

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, 3 ദിവസത്തെ മാനവ വിഭവശേഷി വികസന പരിശീലനം സംഘടിപ്പിക്കുന്നു. മേയ് 28 മുതൽ 30 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം.

എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കമ്മ്യൂണിക്കേഷൻ, ടൈം ആന്റ് സ്ട്രെസ് മാനേജ്മെന്റ്, ഇമോഷണൽ ഇന്റലിജൻസ്, ലേബർ ലോ, സ്റ്റാഫ് എൻകേജ്മെന്റ്, എന്ട്രി ആന്റ് എക്സിറ്റ് ഫോർമാലിറ്റീസ് പീപൽ മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ് ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/rainingcalender/ ൽ മെയ് 24ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. . തിരഞ്ഞെടുക്കപ്പെടുന്ന 30 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/0484 2550322/ 9188922800.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് 01.05.2024 മുതൽ 30.04.2025 വരെയുള്ള കാലയളവിൽ കിടപ്പുരോഗികൾക്കാവശ്യമായ ബ്രെഡ് ആവശ്യപ്പെടുന്ന അളവിലും തൂക്കത്തിലും സ്വന്തം ഉത്തരവാദിത്വത്തിലും വിതരണം ചെയ്യുവാൻ താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842224511.

# മഹാരാജാസ് കോളേജ് നാല് വർഷ ഹോണേഴ്സ് ബിരുദ പ്രവേശനം

**കൊച്ചി:** കേരള സർക്കാരിന് കീഴിലുള്ള ഏക സർക്കാർ ഓട്ടോണോമസ് കോളേജ് ആയ മഹാരാജാസ് കോളേജിലെ വിവിധ നാല് വർഷ ഹോണേഴ്സ് ബിരുദ പ്രോഗ്രാമുകളിലേക്കുള്ള സമർപ്പിക്കാം. പ്രവേശനത്തിനായുള്ള അപേക്ഷകൾ ഓൺലൈനായിട്ടാണ് സമർപ്പിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷനുള്ള ഏകജാലക ഇപ്പോൾ അപേക്ഷകൾ സൗകര്യം https://maharajasonline.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്.ജനറൽ വിഭാഗത്തിന് 100 രൂപയും എസ് സി/എസ് ടി വിഭാഗത്തിന് 50 രൂപയുമാണ് അപേക്ഷ ഫീസ്. നാല് വർഷ ഹോണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ മതിയായ ക്രെഡിറ്റുകളോടെ മൂന്നു വർഷം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബിരുദവും മതിയായ ക്രെഡിറ്റുകളോടെ നാല് വർഷം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഹോണേഴ്സ് ബിരുദവും ലഭിക്കുന്ന രീതിയിലാണ് പ്രോഗ്രാമുകൾ". കൂടുതൽ വിവരങ്ങളും വിശദമായ പ്രോസ്പെക്ടസും കോളേജ് വെബ്സൈറ്റ് ആയ https://maharajas.ac.in ലഭ്യമാണ്.




എറണാകുളം സെഞ്ചുറി ഫാമിലി ക്ലബ്ബിന്റെ വിവിധ വികസന പദ്ധതികളുടെയും 36ാമത് വാർഷിക ആഘോഷത്തിന്റെയും ഉദ്ഘാടനം കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ നിർവഹിക്കുന്നു.ഫിലിപ്പ് മാത്യു,ഫ്രാൻസിസ് കെ.പോൾ, ഡോ. അജയകുമാർ, പി ഒ സാംസൺ, എം.വി തോമസ്, ബാബു സി ജോർജ്ജ്, കെ ആർ സജീവ്, സി ജെ ചാർളി, ബേബി ജോൺ, മാത്തൻ വർഗ്ഗീസ്, ദിനേശ് മണി, ഡോ.കെ എസ് രാധാകൃഷ്ണൻ,വൽസല കുമാരി, ജി.സി.പി പോൾ, ജോസ്കുട്ടി സേവ്യർ, സന്ധ്യ, കമലം തുടങ്ങിയവർ സമീപം.

# പരാജിതരായ വിദ്യാർഥികളെ ഫാമിലി ക്ലബ്ബുകൾ കൈപിടിച്ചുയർത്തണം : ഡോ. കെ.എസ് രാധാകൃഷ്ണൻ

**കൊച്ചി :** പരാജയം എങ്ങനെ നേരിടണമെന്ന് പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്ക് അറിയില്ലെന്നും ഇവരെ കൈപിടിച്ചുയർത്താൻ ഫാമിലി ക്ലബ്ബുകൾ മുൻകൈ എടുക്കണമെന്നും പി.എസ്.സി മുൻ ചെയർമാൻ ഡോ.കെ എസ് രാധാകൃഷ്ണൻ. എറണാകുളം സെഞ്ചുറി ഫാമിലി ക്ലബ്ബിന്റെ 36ാമത് വാർഷിക ആഘോഷ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പരാജയം സംഭവിക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ വിദ്യാർഥികൾ പതറുന്നതിന്റെ പ്രധാന കാരണം മാതാപിതാക്കൾ തന്നെയാണ്. ജീവിതം ജയിക്കാൻ വേണ്ടിയുള്ളതാണെന്നാണ് അവർ കുട്ടികളെ പഠിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ ചെറിയ ഒരു പരാജയം സംഭവിക്കുമ്പോൾ പോലും അത് എങ്ങനെ നേരിടണമെന്നറിയാതെ പകച്ചു പോകുകയാണ് കുട്ടികൾ. വിജയത്തിനു പിന്നാലെ മാത്രം ഓടുന്നതല്ല ജീവിതം.

പരാജയവും ജീവിത്തിന്റെ ഭാഗമാണ്. ചെറിയ പരാജയമാണെങ്കിലും അതിനെ കരുത്തോടെ നേരിടണം. ഇതിനുള്ള പരിശീലനം ഇന്ന് നമ്മുടെ കോളജുകളിലോ സ്കൂളുകളിലോ ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഫാമിലി ക്ലബ്ബുകൾ ഇത് ദൗത്യമായി ഏറ്റെടുത്ത് യുവ തലമുറയെ കൈപിടിച്ചു നടത്തണമെന്നും ഡോ. കെ എസ് രാധാകൃഷ്ണൻ പറഞ്ഞു.

ക്ലബ്ബിന്റെ വിവിധ വികസന പദ്ധതികളുടെയും വാർഷികാഘോഷത്തിന്റെയും ഉദ്ഘാടനം കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ നിർവ്വഹിച്ചു. ക്ലബ്ബ് സ്ഥാപക അംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. ക്ലബ്ബ് പ്രസിഡന്റ് എം.വി തോമസ് അധ്യക്ഷത വഹിച്ചു. മുൻ എംഎൽഎയും മുൻ മേയറുമായ ദിനേശ് മണി, കൊച്ചി കോർപ്പറേഷൻ കൗൺസിലർ വൽസല കുമാരി, ഓൾ കേരള ക്ലബ്ബ് അസ്സോസിയേഷൻ പ്രസിഡന്റ് ജോസ്കുട്ടി സേവ്യർ, സെഞ്ചുറി ക്ലബ്ബ് സെക്രട്ടറി കെ ആർ സജീവ്, മുൻപ്രസിഡന്റ് ഡോ. അജയകുമാർ, ക്ലബ്ബ് സ്ഥാപക അംഗങ്ങളും മുൻ പ്രസിഡന്റുമാരുമായ ബാബു സി ജോർജ്ജ്, പി ഒ സാംസൺ, സി ജെ ചാർളി, ബേബി ജോൺ, ഫ്രാൻസിസ് കെ.പോൾ, മാത്തൻ വർഗ്ഗീസ്, ജി.സി.പി പോൾ, ക്ലബ്ബ് വനിതാ വിംഗ് സാരഥികളായ സന്ധ്യ, കമലം തുടങ്ങിയവരും സംസാരിച്ചു.

# ആരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കണം: അഡ്വ. പി. സതീദേവി

**കൊച്ചി:** പ്രണയ ബന്ധങ്ങൾ, വിവാഹ ബന്ധങ്ങൾ, ഗാർഹിക ചുറ്റുപാടുകളിലുള്ള കുടുംബ ബന്ധങ്ങൾ എന്നിവയിലുൾപ്പടെ ആരോഗ്യകരമായ ബന്ധങ്ങൾ വളർത്തേണ്ടത് എങ്ങനെ എന്നത് സംബന്ധിച്ച് പെൺകുട്ടികളിലും ആൺകുട്ടികളിലും അവബോധമുണ്ടാക്കണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ നടത്തിയ സിറ്റിംഗിനു ശേഷം സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ. ഇതിനായി ഇത്തരം വിഷയങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം.

ഇതിനാവശ്യമായ നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പിന് ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ടെന്നും വനിതാ കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

സ്വന്തം ജീവിതം തകരുന്ന ബന്ധങ്ങളിലേക്ക് എത്തിച്ചേരാതിരിക്കാനുള്ള കരുതൽ പെൺകുട്ടികൾക്ക് വേണം. ആരോഗ്യകരമായ ബന്ധങ്ങളെക്കുറിച്ചുള്ള കൃത്യമായ ധാരണ ചെറുപ്പം മുതൽ വളർത്തിയെടുക്കണം. സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെടുന്നവരുമായി ബന്ധം സ്ഥാപിച്ച് പെൺകുട്ടികൾ വലിയ അബദ്ധങ്ങളിൽ ചെന്നു ചാടുന്ന സംഭവങ്ങൾ പതിവായിരിക്കുകയാണ്.

പ്രായമായ മാതാപിതാക്കളുടെ സ്വത്തുക്കൾ കൈക്കലാക്കിയ ശേഷം അവരെ ഇറക്കി വിടുന്ന നിരവധി പരാതികളാണ് ലഭിക്കുന്നത്. നിരാലംബരാകുന്ന അവസ്ഥയിലുള്ള നിരവധി അമ്മമാർ കമ്മിഷനു മുന്നിലെത്തുന്നു. മക്കൾ എഴുതി വാങ്ങിയ ഭൂമി തിരിച്ച് നൽകാൻ ആർ ഡി ഒ കോടതി വിധിച്ചെങ്കിലും ആധാരം രജിസ്റ്റർ ചെയ്തപ്പോൾ ആ വ്യവസ്ഥ രേഖപ്പടുത്താത്തതിനാൽ സ്വന്തം ഭൂമി തിരിച്ച് ലഭിക്കാത്ത ഉമ്മ പരാതിയുമായി കമ്മിഷനു മുന്നിലെത്തി. ഇത്തരം കേസുകളിൽ നോട്ടീസ് നൽകിയാലും മക്കൾ ഹാജരാകാറില്ല. എറണാകുളം ജില്ലാതല അദാലത്തിൽ 21 പരാതികൾ പരിഹരിച്ചു. ആറെണ്ണം പോലീസ് റിപ്പോർട്ട് തേടി. ഒരു പരാതിയിൽ ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായം ലഭ്യമാക്കാൻ നിർദേശിച്ചു. 83 പരാതികൾ അടുത്ത സിറ്റിംഗിലേക്ക് മാറ്റി. ആകെ 111 പരാതികളാണ് പരിഗണിച്ചത്. വനിത കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, വി.ആർ. മഹിളാമണി, അഡ്വ. പി. കുഞ്ഞായിഷ, ഡയറക്ടർ ഷാജി സുഗുണൻ, പാനൽ അഭിഭാഷകർ, കൗൺസലിംഗ് അംഗങ്ങൾ എന്നിവരും പങ്കെടുത്തു.

# മെയ് 25 ന് സംസ്ഥാനത്തെ സ്കൂളുകളിൽ ശുചീകരണ ദിനം ആചരിക്കും

**കൊച്ചി:** മെയ് 25 ന് സംസ്ഥാനത്തെ സ്കൂളുകളിൽ ശുചീകരണ ദിനം ആചരിക്കുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് വിളിച്ചുചേർത്ത തൊഴിലാളി, മഹിളാ, യുവജന സംഘടനകളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാ സംഘടനകളും പങ്കാളികളാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. ജൂൺ 3 ന് രാവിലെ 9.30 ന് എറണാകുളം എളമക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. അന്നേ ദിവസം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രാദേശികാടിസ്ഥാനത്തിൽ പ്രവേശനോത്സവം നടക്കും.



# ടി വി സന്തോഷിന്റെ ആർട്ട് എക്സ്പോ ഇന്ന് സമാപിക്കും

**കൊച്ചി:** പ്രമുഖ ക്യൂറേറ്ററും എഴുത്തുകാരനുമായ പ്രേംജിഷ് ആചാരി ദർബാർ ഹാളിൽ ശനിയാഴ്ച പ്രഭാഷണം നടത്തി. ആർട്ടിസ്റ്റ് ടി വി സന്തോഷിന്റെ ചിത്രങ്ങളുടെയും ശിൽപങ്ങളുടെയും പ്രദർശനത്തിന്റെ ഭാഗമായി നടത്തിയ പ്രഭാഷണത്തിൽ, ചിത്രങ്ങളുടെ സ്വഭാവം, നിർമ്മാണം, സ്വീകരണം എന്നിവയെക്കുറിച്ച് പ്രേംജിഷ് ആചാരി പറഞ്ഞു. ടി വി സന്തോഷ്, കെറി ജെയിംസ്, ലൂക്ക് ടുയ്മാൻസ് എന്നിവരുടെ കലാസൃഷ്ടികളെ ഉദ്ധരിച്ചുകൊണ്ട് മനുഷ്യജീവിതത്തിലെ ചിത്രങ്ങളുടെ സമകാലിക സാന്നിദ്ധ്യം അദ്ദേഹം പരിശോധിച്ചു.

'ഹിസ്റ്ററി ലാബ് ആൻഡ് എലിജി ഓഫ് വിസറൽ ഇൻകാൻറെഷൻസ്' എന്ന സന്തോഷിന്റെ പ്രദർശനം ഇന്ന് (മെയ് 20, തിങ്കൾ) സമാപിക്കും. പ്രദർശനം രാവിലെ 11 മുതൽ വൈകീട്ട് ഏഴുവരെയായിരിക്കും.

വെനീസ്, മോസ്കോ, കൊളംബോ, ഹവാന, പ്രാഗ്, വാൻകൂവർ, കൊച്ചി എന്നിവിടങ്ങളിലെ ബിനാലെകളിൽ സന്തോഷിന്റെ കൃതികൾ പ്രദർശിപ്പിച്ചിരുന്നു.'വെൻ യുവർ ടാർജെറ്റ് ക്രൈസ് ഫോർ മേഴ്സി' എന്ന സന്തോഷിൻറെ പെയിന്റിംഗ് 2009ൽ 2.8 കോടി രൂപക്കാണ് വിറ്റുപോയത്.

# സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു



അനില ജോസഫ്, എസ്.മനോജ് കുമാർ

**കൊച്ചി :** കൊച്ചിയിൽ കൂടിയ 16ാമത് ഓൾ കേരള ഹോമിയോപതിക് ഡീലേഴ്സ് അസ്സോസിയേഷൻ പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുത്തു. എസ്.മനോജ് കുമാർ (സംസ്ഥാന പ്രസിഡന്റ്), അനില ജോസഫ് (സംസ്ഥാന ജനറൽ സെക്രട്ടറി) രാജേഷ് കുമാർ ( ട്രഷറർ) പി.സുമേഷ്, കെ.ജി.ജോർജ്, അജയ കുമാർ(വൈസ് പ്രസിഡന്റ്മാർ) ജി.എൻ.ജോസ്, വനമൂർത്തി, ഡോ.മാധവൻ നായർ (ജോയിന്റ് സെക്രട്ടറിമാർ)

# വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി :** മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന് കീഴിലുള്ള പിണവൂർകുടി (ബോയ്സ്), മാതിരപ്പിള്ളി (ഗേൾസ്), നേര്യമംഗലം (ഗേൾസ്) എന്നീ പ്രീമെട്രിക്ക് ഹോസ്റ്റലുകളിലും,കറുകടം പോസ്റ്റ്മെട്രിക്ക് ഹോസ്റ്റൽ (ബോയ്സ്),എറണാകുളം മൾട്ടിപർപ്പസ് ഹോസ്റ്റൽ (ഗേൾസ്) എന്നിവിടങ്ങളിലും ദിവസ വേതന വ്യവസ്ഥയിൽ വാച്ച്മാൻ, കുക്ക്, എഫ്.ടി.എസ്സ് തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി എറണാകുളം ജില്ലയിൽ സ്ഥിര താമസക്കാരായ യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾ ഏഴാം ക്ലാസ് ജയിച്ചവരും, 18 വയസ് പൂർത്തിയായവരും, 41 വയസ് കവിയാത്തവരുമായിരിക്കണം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, മറ്റു യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസലും, പകർപ്പുകളും സഹിതം മേയ് 28 ന് രാവിലെ 11 ന് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, മുടവൂർ പി ഒ, മൂവാറ്റുപുഴ 686669 ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂ ന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0485 2970337 ഫോൺ നമ്പറിൽ ബന്ധപ്പെടാം. പട്ടികവർഗ്ഗക്കാർക്ക് മുൻഗണന ഉണ്ടായിരിക്കും. ഫുഡ് ക്രാഫ്റ്റ് ഡിപ്ളോമ ഉള്ളവർക്ക് കുക്ക് തസ്തികയിലേയ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഹോസ്റ്റലിൽ താമസിച്ച് ജോലി നിർവ്വഹിക്കണം.

# അമൃത ആശുപത്രിയിൽ ഗവേഷകരുടെ സമ്മേളനം എറൈസ് 2024 ആരംഭിച്ചു

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിന്റെ ആഭിമുഖ്യത്തിൽ അമൃത റിസർച്ച് & ഇന്നോവേഷൻ സിംപോസിയം ഫോർ എക്സലൻസ് (എറൈസ് 2024) അമൃത ആശുപത്രിയിൽ ആരംഭിച്ചു. വിവിധ മേഖലകളിലെ ഗവേഷണസാധ്യതകൾ വിലയിരുത്തുന്ന രണ്ട് ദിവസത്തെ സിംപോസിയത്തിന്റെ ഉദ്ഘാടനം അമൃത വിശ്വവിദ്യാപീഠം പ്രൊവോസ്റ്റ് ഡോ.മനീഷ വി രമേഷ് നിർവഹിച്ചു. സമൂഹവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ഗവേഷണങ്ങളിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവേഷകരേയും അധ്യാപകരേയും പ്രാപ്തരാക്കുകയുമാണ് എറൈസിലൂടെ ലക്ഷ്യമിടുന്നതെന്ന് ഡോ. മനീഷ പറഞ്ഞു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ.പ്രേം നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയം അസി.ഡയറക്ടർ ഡോ.ഹർഷ ഭാർഗവി, സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രൊഫ.കെ.പി സുധീർ, കൊച്ചി നേവൽ ഫിസിക്കൽ & ഓഷ്യാനോഗ്രാഫിക് ലബോറട്ടിയിലെ (എൻപിഒഎൽ) സീനിയർ സയന്റിസ്റ്റ് ഡോ.പി. മുരളീകൃഷ്ണ എന്നിവർ മുഖ്യാതിഥികളായി. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. കെ.പി ഗിരീഷ് കുമാർ, അമൃത വിശ്വവിദ്യാപീഠത്തിലെ ഡീൻ മാരായ ഡോ.ഡി.എം വാസുദേവൻ, ഡോ. ശാന്തികുമാർ നായർ, ഡോ. യു. കൃഷ്ണകുമാർ തുടങ്ങിയവരും ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. തുടർന്ന് വിവിധ വിഷയങ്ങളിലായി നടന്ന ക്ലാസുകൾക്കും ചർച്ചകൾക്കും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി.അശോക് , ഡോ. പി. മുരളീകൃഷ്ണ, ഡോ.ഹർഷ ഭാർഗവി, ഡോ.ഹരീഷ് എൻ രാമനാഥൻ തുടങ്ങിയവർ നേതൃത്വം നൽകി.

സമൂഹത്തിന്റെ ശാക്തീകരണത്തിനും സുസ്ഥിര വികസനത്തിനുമുള്ള പദ്ധതികൾ, സാമൂഹിക നന്മയ്ക്കായി നിർമ്മിത ബുദ്ധിയെ ഉപയോഗപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടത്തി. സിംപോസിയത്തിന്റെ സമാപനദിനമായ ഞായറാഴ്ച ആരോഗ്യമേഖലയെ കേന്ദ്രീകരിച്ചുള്ള ചർച്ചകളും വിലയിരുത്തലുകളുമുണ്ടാകും.

അണുബാധ നിയന്ത്രണം, ആന്റി മൈക്രോബയൽ ഗവേഷണം, തുടങ്ങിയ രംഗങ്ങളിലെ നൂതന ഗവേഷണ സാധ്യതകൾ, വൺ ഹെൽത്ത്, ആരോഗ്യമേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ചർച്ച ചെയ്യുക. അമൃത വിശ്വവിദ്യാപീഠത്തിലെ ഗവേഷകരും അധ്യാപകരുമടക്കം മുന്നൂറോളം പ്രതിനിധികളാണ് സിംപോസിയത്തിൽ പങ്കെടുക്കുന്നത്.



കൊച്ചി അമൃത ആശുപത്രിയിൽ എറൈസ് ഗവേഷക സമ്മേളനം അമൃത വിശ്വവിദ്യാപീഠം പ്രൊവോസ്റ്റ് ഡോ.മനീഷ വി രമേഷ് ഉദ്ഘാടനം ചെയ്യുന്നു

സ്പെഷ്യൽ സപ്ലിമെന്റ്

കോലഞ്ചേരി പ്രസ്സ് ക്ലബ്ബ്
നവീകരിച്ച ഓഫീസ് ഉദ്ഘാടനം

ഇന്ന് (20.05.2024) തിങ്കളാഴ്ച,
രാവിലെ 11.00ന്
കോലഞ്ചേരി
പുല്ലംകോട്ട് ബിൽഡിംഗ്സിൽ

ഉദ്ഘാടനം:



അഡ്വ. പി.വി. ശ്രീനിജിൻ
(ബഹു. കുന്നത്തുനാട് എം.എൽ.എ.)

മുഖ്യാതിഥി:



ശ്രീ. മനോജ് മൂത്തേടൻ
(ബഹു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്)

പങ്കെടുക്കുന്നവർ:
ശ്രീമതി റസീന പരീത്
ശ്രീ. ടി.പി. വർഗീസ്
ശ്രീ. ജോയ് പി. ജേക്കബ്,
ശ്രീ. കെ.സി. സ്മിജൻ

മുതിർന്ന പത്രപ്രവർത്തകരായ
ശ്രീ. സജി പുന്നയ്ക്കൽ
ശ്രീ. എം.വി. ശശിധരൻ
എന്നിവരെ ചടങ്ങിൽ ആദരിക്കുന്നു




എം.എം. പൗലോസ് (സെക്രട്ടറി)
പ്രദീപ് അബ്രഹാം (പ്രസിഡന്റ്)

Pullamkottu Bldg., Near St. Peter's College Main Gate, Kolenchery-682311
Mob: 9847746014, e-mail: thoolikaklcy@gmail.com



സപ്ലിമെന്റ് കോർഡിനേറ്റർ:
മാത്യു കിങ്ങിണിമറ്റം
9446687347